ദേശീയ ഗെയിംസ് ഉദ്ഘാടന ചടങ്ങിന്റെ നടത്തിപ്പ്

281 (287) ശ്രീ. എം. ചന്ദ്രൻ :

ശ്രീ. പി. ടി. എ. റഹീം :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് വിനോദപരിപാടി സംഘടിപ്പിച്ചത് ആരാണ് ;

(ബി) വിനോദപരിപാടിയുടെ പ്രതിഫലമായി ആർക്കെല്ലാം എത്ര തുകവീതം നൽകുകയുണ്ടായി; ആരെങ്കിലും പ്രതിഫല തുക തിരികെ നൽകുകയുണ്ടായോ; എങ്കിൽ ആരെല്ലാം; എത്ര തുക; ഇതിനിടയായ സാഹചര്യം എന്തായിരുന്നു;

(സി) പ്രതിഫല തുക തിരിച്ച് വാങ്ങേണ്ടതില്ലെന്ന് മന്ത്രിസഭ തീരുമാനിച്ചത് ആരുടെയെല്ലാം കാര്യത്തിലാണ്; ആയതിന്റെ കാരണം വെളിപ്പെടുത്താമോ;

(ഡി) മോഹൻലാലിൽ നിന്ന് പണം തിരികെ വാങ്ങേണ്ടതില്ലെന്ന മന്ത്രിസഭാ തീരുമാനം, ഉത്തരവുവഴി സി.ഇ.ഒ.-യെ അറിയിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ പണം കൈപ്പറ്റാതെ തിരിച്ചയക്കാതിരുന്നത് എന്തുകൊണ്ടാണ്; സഞ്ചിതനിധിയിൽ നിന്നുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച ഏത് വ്യവസ്ഥ പ്രകാരമാണ് മന്ത്രിസഭയുടെ പ്രസ്തുത തീരുമാനം ;

(ഇ) പ്രതിഫലതുക തിരികെ വാങ്ങണമെന്ന അഭ്യർത്ഥനയുമായി മുഖ്യമന്ത്രിയും കായിക വകുപ്പ് മന്ത്രിയും ആരെയെല്ലാം നേരിട്ട് കാണുകയുണ്ടായി; തിരിച്ചയച്ച പണം ശ്രീ. മോഹൻലാൽ സ്വീകരിക്കുകയുണ്ടായോ ; കൂടിക്കാഴ്ചയിൽ ഏതെങ്കിലും കാര്യത്തിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ; ശ്രീ. മോഹൻലാലിന്റെ നിലപാട് എന്തായിരുന്നു; വിശദമാക്കാമോ;

(എഫ്) ഉദ്ഘാടനത്തോടനുബന്ധിച്ച് എന്തെല്ലാം നടപടികളിൽ വീഴ്ച ഉണ്ടായിട്ടുണ്ട്; ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ എന്തെല്ലാമായിരുന്നു; മന്ത്രിസഭാ യോഗത്തിൽ, ചെയർമാനും ആക്ടിംഗ് ചെയർമാനും വീഴ്ചകളിലുണ്ടായതായ പങ്ക് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ദേശീയ ഗെയിംസ് സംഘാടക സമിതിയാണ് വിനോദ പരിപാടികൾ സംഘടിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഇ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* ശ്രീ. മോഹൻ ലാലിന് നൽകിയ പ്രതിഫലത്തുകയായ 1,63,77,600 രൂപ (ഒരു കോടി അറുപത്തിമൂന്ന് ലക്ഷത്തി എഴുപത്തി ഏഴായിരത്തി അറുന്നൂറ് രൂപ മാത്രം) തിരികെ നൽകുകയുണ്ടായി. ഏത് സാഹചര്യത്തിലാണ് തുക തിരികെ നൽകുന്നതെന്ന് അദ്ദേഹം സൂചിപ്പിച്ചിട്ടില്ല. മോഹൻലാലിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച പരിപാടിയെക്കുറിച്ച് ക്രൂരമായ വിമർശനങ്ങളാണ് ചില കോണുകളിൽനിന്ന് ഉയർന്നുവന്നത്. ഇതിൽ വേദനിച്ച മോഹൻലാൽ വാങ്ങിയ തുക തിരിച്ചു നൽകാൻ തീരുമാനിക്കുകയും അക്കാര്യം ഇ-മെയിൽ വഴി സർക്കാരിനെ അറിയിക്കുകയും ചെയ്തു. മോഹൻലാലിനെപ്പോലെയുള്ള ഒരു മഹാനടനോട് തുക തിരിച്ചുവാങ്ങുന്നത് ഉചിതമല്ലെന്ന നിലപാടാണ് സർക്കാരിനുണ്ടായിരുന്നത്. സർക്കാരിന്റെ ഈ നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സ്പോർട്സ് വകുപ്പുമന്ത്രിയും മോഹൻലാലിനെ സന്ദർശിച്ച വേളയിൽ അദ്ദേഹത്തെ അറിയിച്ചെങ്കിലും തുക തിരിച്ചു നൽകാനുള്ള തീരുമാനത്തിൽനിന്നും പിൻമാറാൻ അദ്ദേഹം തയ്യാറായില്ല. വാങ്ങിയ തുക ശ്രീ. മോഹൻലാൽ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന് തിരിച്ചുനൽകി.

(എഫ്) ഉദ്ഘാടനത്തോടനുബന്ധിച്ച നടപടികളിൽ വീഴ്ച വന്നിട്ടില്ല.

ദേശീയ ഗെയിംസ് കമ്മിറ്റി രൂപീകരണം

282 (288) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പിലേക്കായി ആകെ എത്ര സബ്കമ്മിറ്റികളാണ് രൂപീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത കമ്മിറ്റികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ദേശീയ ഗെയിംസ് കമ്മിറ്റിയിൽ ധനവകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷനിൽ എത്തിയവർ, ഇറമുഖ വകുപ്പിൽ നിന്നും എത്തിയ വിരമിച്ചവർ, മുൻമന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്നവർ എന്നിവരുടെ ഔദ്യോഗിക സ്ഥാനങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 22 സബ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട സബ് കമ്മിറ്റികളിൽ ഇപ്രകാരം ആരെയും ഉൾപ്പെടുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly